# സന്നദ്ധ രക്തദാന മേഖലയിൽ കേരളത്തിൽ വൻപുരോഗതി

സന്നദ്ധ രക്തദാന രംഗത്ത് കേരളം മികച്ച നേട്ടം കൈവരിക്കുന്നു. സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പ്രത്യേക കർമപരിപാടിയുടെ ഫലമായാണ് സംസ്ഥാനത്ത് സന്നദ്ധ രക്തദാന നിരക്കിൽ കുതിച്ചുചാട്ടമുണ്ടായത്.

കഴിഞ്ഞ വർഷം കേരളത്തിലെ രക്തബാങ്കുകളിലൂടെ ശേഖരിച്ച രക്തത്തിന്റെ 29 ശതമാനം മാത്രമായിരുന്നു സന്നദ്ധരക്തദാനത്തിലൂടെ ലഭിച്ചത്. എന്നാൽ പകരം രക്തം വാങ്ങിക്കൊണ്ട് രക്തം ശേഖരിക്കുന്ന രീതി മാരകരോഗങ്ങൾ പരത്തുന്നതുൾപ്പെടെയുള്ള അപകടങ്ങൾക്കു വഴി തെളിക്കാമെന്നുള്ളതു കൊണ്ട് സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പ്രത്യേക കർമപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണിപ്പോൾ.

ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും സന്നദ്ധ രക്തദാന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, സമുദായസംഘടനകൾ, കോളജുകൾ എന്നിവരെ പങ്കാളികളാക്കി രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു വരികയാണ്.

ഇതിന്റെ ഫലമായി ഈ വർഷം ആദ്യം മുതൽ സന്നദ്ധ രക്തദാനത്തിന്റെ നിരക്കിൽ ക്രമമായ പുരോഗതി കൈവരിച്ചു വരികയാണ്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ സംസ്ഥാനത്തെ സന്നദ്ധ രക്തദാനനിരക്ക് 22 ശതമാനം മാത്രമായിരുന്നു. ഈ വർഷം ജനുവരിയിൽ അത് 34 ശതമാനവും ഫെബ്രുവരിയിൽ 40 ശതമാനവുമായി. മാർച്ചിൽ 44 ശതമാനവും ഏപ്രിലിൽ 60 ശതമാനവും മേയിൽ 61 ശതമാനവുമായിരുന്നു.

നൂറു ശതമാനം സന്നദ്ധ രക്തദാനമെന്ന മുദ്രാവാക്യവുമായി ലോകരക്തദാതൃദിനം ആചരിക്കുന്നതിന്റെ ഭാഗമായി ജൂണിൽ കേരളത്തിൽ വ്യാപകമായി രക്തദാനക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഫലമായി സന്നദ്ധ രക്തദാന നിരക്ക് ജൂണിൽ 75 ശതമാനമായി ഉയർന്നു. ജൂലൈയിൽ ഇത് 88 ശതമാനമായും ഉയർന്നു. നൂറു ശതമാനം സന്നദ്ധ രക്തദാനമെന്ന ലക്ഷ്യത്തിലേക്ക് കേരളം അതിവേഗം എത്തിച്ചേരുകയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്.

സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ ഭാഗമായി ഈ മാസം 10 മുതൽ സംസ്ഥാനത്തു പല കേന്ദ്രങ്ങളിലായി ഇതിനകം 37 രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ ക്ലബ്ബുകൾ, മതസംഘടനകൾ, സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്, ടെക്നോപാർക്ക് കമ്പനികൾ തുടങ്ങിയവരൊക്കെ ക്യാമ്പുകൾ നടത്താൻ സഹകരിച്ചിട്ടുണ്ട്. 37 ക്യാമ്പുകളിലൂടെ മൊത്തം 1075 പേരാണ് ഇതിനകം രക്തം ദാനം ചെയ്തത്.

വിവിധ സന്നദ്ധ സംഘടകളെ പങ്കെടുപ്പിച്ചു കൊണ്ട് രക്തദാനക്യാമ്പുകൾ തുടർച്ചയായി നടത്തിക്കൊണ്ട് കേരളത്തിൽ രക്തദാതാക്കളുടെ ഒരു നിര വളർത്തിയെടുക്കാനാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ശ്രമിക്കുന്നത്. ഇതുവഴി ആവശ്യക്കാർക്ക് എപ്പോൾ വേണമെങ്കിലും ആവശ്യമായ അളവിൽ രക്തം ലഭ്യമാക്കാൻ സാധിക്കുമെന്നും കണക്കുകൂട്ടുന്നു.

## കെ.സി.വൈ.എം നേതാക്കൾക്കായി പരിശീലന പരിപാടി നടത്തി

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കേരള കത്തോലിക്കാ സഭയുടെ യുവജന സംഘടനയായ കെ.സി.വൈ.എമ്മിന്റെ നേതാക്കൾക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലായിലും കോഴിക്കോട്ടും പരിശീലന പരിപാടികൾ നടത്തി.

പാലായിൽ നടന്ന പരിശീലന പരിപാടിയിൽ കെ.സി.വൈ.എമ്മിന്റെ എറണാകുളം, തൃശൂർ, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള നേതാക്കളെ പങ്കെടുപ്പിച്ചു കൊണ്ടാണ് പരിശീലന പരിപാടി നടത്തിയത്. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ പരിപാടി ഉദ്ഘാടനം ചെയ്തു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ അധ്യക്ഷത വഹിച്ചു. എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ സ്വാഗതവും കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ നന്ദിയും പറഞ്ഞു.




***കോഴിക്കോട്ടു നടന്ന പരിശീലന പരിപാടി കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ ഉദ്ഘാടനം ചെയ്യുന്നു.***

കോഴിക്കോട് ഹോട്ടൽ ന്യൂ നളന്ദയിൽ നടന്ന പരിശീലന പരിപാടിയിൽ കെ.സി.വൈ.എമ്മിന്റെ കോഴിക്കോട്, വയനാട്, കണ്ണൂർ, തൃശൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള നേതാക്കൾ പങ്കെടുത്തു.

കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ പരിപാടി ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ അധ്യക്ഷത വഹിച്ചു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ മുരളീധരൻ സ്വാഗതവും കെ.സി.വൈ.എം സെക്രട്ടറി സിബി ജോയി നന്ദിയും പറഞ്ഞു.

കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ ആശംസ അർപ്പിച്ചു.

## ബ്ലഡ് ബാങ്കുകൾ മൂന്നു മാസത്തിനുള്ളിൽ അംഗീകാരം നേടണം

സംസ്ഥാനത്തെ സർക്കാർ – പ്രൈവറ്റ് ബ്ലഡ് ബാങ്കുകൾ കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ അംഗീകാരം മൂന്നു മാസത്തിനുള്ളിൽ നേടിയിരിക്കണമെന്ന് കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ അറിയിച്ചു. ഇതിനുള്ള വ്യവസ്ഥകൾ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റലിന്റെ (എൻഎബിഎച്ച്) വ്യവസ്ഥകൾക്ക് സമാനമാണ്.

സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ലെങ്കിലും അവ രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കണം. പ്രൈവറ്റ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾ അയ്യായിരം രൂപയാണ് രജിസ്ട്രേഷൻ ഫീസായി നൽകേണ്ടത്. പുതിയ ബ്ലഡ് ബാങ്കുകൾക്കും നിലവിലെ ബ്ലഡ് ബാങ്കുകളുടെ ലൈസൻസ് പുതുക്കുന്നതിനും ആവശ്യമുള്ള എൻഒസിക്കുള്ള അപേക്ഷ ഇപ്പോൾ സമർപ്പിക്കാം. അപേക്ഷകൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ ഓഫീസിൽ നിന്ന് നേരിട്ടോ വെബ് സൈറ്റായ www.ksacs.in ൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുകയോ ചെയ്യാം.

Printed & Published by Project Director, Kerala State AIDS Control Society (Dept. of Health and Family Welfare, Government of Kerala), Thiruvananthapuram - 35, www.ksacs.in
keralasacs@gmail.com, Ph: +91 471 2304882, 2303763, Fax: +91 471 2305183. HIV/AIDS Telecounselling No: 0484 2237020. For private circulation only.

KSACS
ആരോഗ്യ വകുപ്പ്
കേരള സർക്കാർ

# അറിയുക

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വാർത്താപത്രിക

Volume 4 | Issue 21 | August 2009

### സന്നദ്ധ രക്തദാനത്തിന് പതിനായിരങ്ങൾ

# എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും കെ.സി.വൈ.എമ്മും കൈകോർക്കുന്നു

കേരളത്തിലെ കത്തോലിക്കാ യുവജനസംഘടനയായ കെ.സി.വൈ.എം എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളിലും സന്നദ്ധരക്തദാന രംഗത്തും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്കൊപ്പം ചേരുന്നു.

കേരളത്തിലെ 29 കത്തോലിക്കാ രൂപതകൾ കേന്ദ്രീകരിച്ച് ഇതിനായി വിപുലമായ പരിശീലനപരിപാടികൾ ആരംഭിക്കാൻ കെ.സി.വൈ.എം നേതൃത്വവും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും തമ്മിൽ ധാരണയായി.

മതസംഘടനകൾക്കു സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്താൻ കഴിയുന്ന സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിനുള്ള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ തീരുമാനപ്രകാരമാണ് കെ.സി.വൈ.എമ്മുമായുള്ള സഹകരണം.

ആദ്യഘട്ടത്തിൽ ഓരോ രൂപതയിലും ഇരുപതു പരിശീലകരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകും. ഇവർ ഓരോ ഫൊറോനയിലും അമ്പതു പേർക്കു വീതം പരിശീലനം നൽകും. ഇങ്ങനെ 350 ഫൊറോനകളിൽ പരിശീലനം നേടുന്ന 17,500 പേർ ഇടവക തലത്തിൽ പത്തു പേർക്കു വീതം പരിശീലനം നൽകുന്നതോടെ എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങളിലും സന്നദ്ധരക്തദാന മേഖലയിലും പ്രചാരണം നടത്താൻ സാധിക്കുന്ന 1,75,000 യുവാക്കളുടെ സന്നദ്ധ സേന രൂപം കൊള്ളുകയാണ്. ഇവരെ കേന്ദ്രീകരിച്ചായിരിക്കും തുടർപ്രവർത്തനങ്ങൾ നടത്തുക.

കെ. സി. വൈ. എമ്മിന്റെ എല്ലാ പ്രവർത്തനങ്ങളിലും എച്ച്ഐവി പ്രതിരോധം സംബന്ധിച്ച പരിപാടികൾ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സന്നദ്ധരക്തദാന ക്യാമ്പുകളും സംഘടിപ്പിച്ചു വരികയാണ്.

ഇതിനകം കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി മുപ്പതോളം ക്യാമ്പുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. ഇതിലൂടെ ആയിരത്തോളം പേർ രക്തം ദാനം ചെയ്തു.

ഇപ്പോൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി ധാരണയിലെത്തിയിരിക്കുന്ന കർമപദ്ധതി നടപ്പിലാക്കുന്നതോടെ സ്ഥിരമായി രക്തം ദാനം ചെയ്യാൻ തയാറുള്ള പതിനായിക്കണക്കിനു യുവാക്കൾ കെ.സി.വൈ.എമ്മിലൂടെ രംഗത്തിറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ കത്തോലിക്കാ രൂപതകൾ കേന്ദ്രീകരിച്ചു നടക്കുന്ന വിവാഹ ഒരുക്ക പരിശീലന പരിപാടിയിലും എച്ച്ഐവി സംബന്ധമായ ക്ലാസുകളും സന്നദ്ധ രക്തദാനത്തേക്കുറിച്ചുള്ള ക്ലാസുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിലെ 29 രൂപതകളിലും മാസത്തിൽ ഒരു തവണ വീതമാണ് മൂന്നു ദിവസത്തെ ഈ പരിശീലന പരിപാടി ഇപ്പോൾ നടന്നു വരുന്നത്. ഇതിലൂടെ ശരാശരി ഒരു മാസം 3,625 യുവാക്കളിലേക്ക് ഈ സന്ദേശം എത്തിക്കുവാൻ സാധിക്കും. അതായത് ഒരു വർഷം 43,500 യുവതീ യുവാക്കൾക്കിടയിൽ രക്തദാന സന്ദേശം പ്രചരിപ്പിക്കാൻ സാധിക്കും.

ഇതോടൊപ്പം തന്നെ കെ.സി.വൈ.എമ്മിന്റെ കീഴിൽ രൂപതാതലത്തിൽ പ്രവർത്തിക്കുന്ന കലാസംഘങ്ങൾ എച്ച്ഐവി ബോധവത്കരണത്തിനും സന്നദ്ധരക്തദാനം പ്രചരിപ്പിക്കുന്നതിനും സഹായിക്കുന്ന സന്ദേശങ്ങളുമായി നാടൻകലാരൂപങ്ങളും അവതരിപ്പിക്കും.

നവംബർ പകുതിയോടെ രൂപതാതലത്തിൽ പരിശീലകർക്കുള്ള പരിശീലനം ആരംഭിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

സന്നദ്ധരക്തദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് കേരളത്തിൽ സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക കർമപദ്ധതിക്കു രൂപം നൽകി നടപ്പിലാക്കി വരികയാണ്.

യുവജനസംഘടനകളെയും വിശ്വാസാധിഷ്ഠിത സംഘടനകളെയും രാഷ്ട്രീയ പാർട്ടികളെയും മറ്റു സന്നദ്ധ സംഘടനകളെയും പങ്കാളികളാക്കി കൊണ്ട് സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കാനാണ് തീരുമാനം.

ഇതിന്റെ ഫലമായി സന്നദ്ധരക്തദാന രംഗത്ത് വൻപുരോഗതി കൈവരിക്കുവാൻ ഇതിനകം സാധിച്ചിട്ടുണ്ട്. കെ.സി.വൈ.എമ്മിന്റെ പങ്കാളിത്തം ഈ പ്രവർത്തനത്തിനു മുതൽക്കൂട്ടായിരിക്കുമെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അധികൃതർ വിലയിരുത്തുന്നു. കഴിഞ്ഞവർഷം കേരളത്തിൽ മൊത്തം 3,50,806 പേരാണ് രക്തം ദാനം ചെയ്തത്. ഇതിൽ 99,508 പേർ മാത്രമാണ് സ്വയം സന്നദ്ധരായി മുന്നോട്ടു വന്ന് രക്തം ദാനം ചെയ്തത്. ഈ നിലയ്ക്കു മാറ്റമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

### കർമപദ്ധതി ഇങ്ങനെ



## പത്രാധിപക്കുറിപ്പ്

# എച്ച്ഐവി പ്രതിരോധത്തിനും സന്നദ്ധ രക്തദാനത്തിനും പുത്തൻ ചുവടുവയ്പ്

**എ**ച്ച്ഐവി ബോധവത്കരണത്തിനും നിയന്ത്രണത്തിനും കാലാകാലങ്ങളിൽ വ്യത്യസ്തങ്ങളായ രീതികൾ അവലംബിക്കേണ്ടതായിട്ടുണ്ട്. വ്യക്തികളുടെ സ്വഭാവരീതികളിലും ശീലങ്ങളിലും പെരുമാറ്റത്തിലുമൊക്കെ മാറ്റം വരുത്തേണ്ട വിഷയങ്ങളാണിത്. അതുകൊണ്ടു തന്നെ പരമ്പരാഗതമായ പ്രചാരണ തന്ത്രങ്ങളോ രീതികളോ ഇക്കാര്യത്തിൽ എല്ലായ്പ്പോഴും വിജയിച്ചെന്നു വരില്ല.

വിശ്വാസാധിഷ്ഠിത സംഘടനകളുടെ പ്രസക്തി വർധിക്കുന്നത് ഇവിടെയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷമാളുകളും ഈശ്വരവിശ്വാസികളാണ്. ഈശ്വരവിശ്വാസത്തിന് ഇവരുടെ ജീവിതത്തിൽ വലിയ സ്ഥാനമാണുള്ളത്.

എച്ച്ഐവി നിയന്ത്രണവും സന്നദ്ധ രക്തദാനവുമൊക്കെ മൂല്യങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന വിഷയങ്ങൾ കൂടിയാണ്. അതുകൊണ്ടു തന്നെ ഈ രണ്ടു മേഖലയിലും മതസംഘടനകൾക്ക് ഗണ്യമായ സംഭാവന നൽകുവാൻ സാധിക്കും. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ഇത്തരം സംഘടനകളെ കൂടി പങ്കാളികളാക്കാൻ തീരുമാനിച്ചത് ഇക്കാര്യങ്ങൾ മനസിലാക്കി കൊണ്ടാണ്.

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക കർമപദ്ധതിക്കു രൂപം നൽകിയപ്പോൾ വിശ്വാസാധിഷ്ഠിത സംഘടനകൾ, രാഷ്ട്രീയപാർട്ടികൾ, യുവജനസംഘടനകൾ തുടങ്ങിയവരെയൊക്കെ സഹകരിപ്പിച്ചു കൊണ്ടാണ് അതിനു രൂപം കൊടുത്തത്. ഇവരുടെ ചിട്ടയായ പ്രവർത്തനരീതി, താഴേത്തട്ടിലുള്ള സംഘടനാശക്തി തുടങ്ങിയവയും പ്രവർത്തനങ്ങളുടെ വിജയത്തിനു സഹായിക്കുമെന്നുറപ്പാണ്.

കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളിലൂടെ കാമ്പസുകളിലെത്തുന്ന യുവാക്കൾക്കിടയിൽ എച്ച്ഐവി ബോധവത്കരണവും രക്തദാന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. എന്നാൽ കാമ്പസുകൾക്കു പുറത്തുള്ള വലിയൊരു വിഭാഗം യുവാക്കൾക്കിടയിലേക്കും ഈ പ്രവർത്തനങ്ങൾ വ്യാപിക്കേണ്ടതുണ്ട്. ഈ സാഹചര്യം കൂടി പരിഗണിച്ചു കൊണ്ടാണ് മറ്റു യുവജനപ്രസ്ഥാനങ്ങളുമായി ചേർന്നുള്ള പ്രചാരണപരിപാടിക്കും കർമപദ്ധതിക്കും രൂപം നൽകിയത്.

കേരള കത്തോലിക്ക സഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ കേരള കാത്തലിക് യൂത്ത് മൂവ്മെന്റു (കെ.സി.വൈ.എം) മായി ചേർന്ന് ഈ ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചിരിക്കുകയാണ്. വിശ്വാസാധിഷ്ഠിതമായ സംഘടനകളുമായുള്ള കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പങ്കാളിത്തം ഇത്തരം നൂതന പ്രവർത്തനങ്ങളുടെ തുടക്കം കൂടിയാണ്.

സന്നദ്ധരക്തദാനത്തിനായി ദശലക്ഷം പേരുടെ സേന രൂപീകരിക്കാനുള്ള ഒരുക്കത്തിലാണ് കെ.സി.വൈ.എം ഇപ്പോൾ. അതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രിതമായി തന്നെ മുന്നോട്ടു പോകുകയാണ്. കേരളത്തിലെ സന്നദ്ധ രക്തദാനരംഗത്ത് വിപ്ലവകരമായ മാറ്റത്തിനു വഴി തെളിക്കാൻ സഹായകരമാകുന്ന വലിയൊരു സംരംഭത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നതെന്ന് നിസംശയം പറയാം. അതുപോലെ തന്നെ കത്തോലിക്കാസഭയുടെ സംവിധാനത്തിലൂടെ ആയിരക്കണക്കിനു യുവാക്കളിലേക്ക് എച്ച്ഐവി പ്രതിരോധത്തിന്റെ സന്ദേശവും ഫലപ്രദമായി എത്താൻ പോകുകയാണ്.

സാമൂഹ്യ പ്രതിബദ്ധതയോടെ കെ.സി.വൈ.എം ഏറ്റെടുത്തിരിക്കുന്ന ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കാം. ഒപ്പം കേരളത്തിലെ യുവജനസംഘടനകൾക്ക് കെ.സി.വൈ.എം കാട്ടിയ മാതൃക പ്രചോദനമാകുമെന്നും പ്രതീക്ഷിക്കുന്നു.

**ഡോ. ഉഷ ടൈറ്റസ് ഐഎഎസ്**
പ്രോജക്ട് ഡയറക്ടർ

വിശ്വാസ തീക്ഷ്ണത രാഷ്ട്രസേവനം
എച്ച്ഐവി ബോധവത്കരണം
സന്നദ്ധ രക്തദാനം

# പുതുതലമുറയുടെ സുരക്ഷിതത്വത്തിനായി കൈകോർക്കാം



**കേ**രള സമൂഹത്തിൽ സന്നദ്ധരക്തദാനത്തിന്റെ ആവശ്യകത മനസിലാക്കിക്കൊണ്ട് ജനങ്ങളെ ബോധവത്കരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് കേരള കത്തോലിക്കാ യുവജനപ്രസ്ഥാനം (കെ. സി. വൈ. എം) മുന്നോട്ടുവന്നിരിക്കുന്നത്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി കൈകോർത്തുകൊണ്ട് 14 ജില്ലകളിൽ പടർന്നുകിടക്കുന്ന 29 രൂപതകളിലെ കെ.സി.വൈ.എം പ്രവർത്തകർ ഇതിനായി രംഗത്ത് ഇറങ്ങുകയാണ്.

നവകേരളത്തിന്റെ ആരോഗ്യപരിപാലനത്തിനും പുതുതലമുറയുടെ സുരക്ഷിത ജീവിതത്തിനുമായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

**ജോസഫ് തോമസ്**
*പ്രസിഡന്റ്, കെ.സി.വൈ.എം.*

# കർമപദ്ധതിയുമായി കെ.സി.വൈ.എം



**കേ**രള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി. വൈ. എം) കേരളത്തിലെ 14 ജില്ലകളിലായി 29 കത്തോലിക്കാ രൂപതകളിലും സജീവമായി പ്രവർത്തിക്കുന്ന കേരളത്തിലെ ഏക ധാർമിക യുവജന പ്രസ്ഥാനമാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി കേരള സമൂഹത്തിൽ ധാർമികതയുടെ ശംഖുനാദം മുഴക്കി സമൂഹത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നു.

ഈ വർഷം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി സഹകരിച്ച് കേരളത്തിൽ എയ്ഡ്സ് ബോധവത്കരണ പ്രതിരോധയജ്ഞങ്ങളും സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കലുമുൾപ്പടെ വിവിധങ്ങളായ കർമപരിപാടികളുമായി മുന്നോട്ടിറങ്ങുന്നു.

കേരളത്തിലെ 29 രൂപതകളിലും 20 ൽ കുറയാത്ത റിസോഴ്സ് ടീം രൂപീകരിക്കുന്നത് ഒന്നാം ഘട്ടമാണ്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള വിദഗ്ധരായ പരിശീലകരാൽ പരിശീലനം നേടുന്ന ഈ 600 അംഗ റിസോഴ്സ് ടീം അംഗങ്ങളാണ് കേരളത്തിലുടനീളം ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. എറണാകുളത്തുള്ള കെ.സി. വൈ.എം. സംസ്ഥാന കാര്യാലയത്തിൽ നിന്നും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. രണ്ടാം ഘട്ടമെന്ന നിലയിൽ കെ.സി.വൈ.എം യൂണിറ്റുകൾ വഴി പ്രതിമാസം 75 വീതം രക്തദാന- എയ്ഡ്സ് ബോധവത്കരണ, പ്രതിരോധ സെമിനാറുകൾ നടത്തുന്നതോടൊപ്പം ഹയർ സെക്കൻഡറി സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ വിദ്യാർഥികൾക്കിടയിലും പ്രവർത്തനം വ്യാപിപ്പിക്കും. മൂന്നാംഘട്ടമായി ഓഫ് കാമ്പസ് യൂത്തിനായുള്ള പ്രവർത്തനങ്ങളാണ് ക്രമീകരിക്കുക. ഗ്രാമപഞ്ചായത്ത്, സാമൂഹ്യ സന്നദ്ധസംഘടനകൾ, വിവിധ തൊഴിലാളി യൂണിയനുകൾ തുടങ്ങിയവ വഴിയുള്ള തീവ്ര ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

ഇതോടൊപ്പം പരമപ്രധാനമായ സന്നദ്ധരക്ത ദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ദശലക്ഷം ദേശീയരക്തദാനസേന രൂപീകരിക്കുന്നു. പ്രതിമാസം 5000 യൂണിറ്റ് രക്തം വീതം വിവിധ സ്ഥലങ്ങളിൽ നിന്നും സമാഹരിക്കും.

ഇത്തരത്തിൽ വിവിധ കർമപരിപാടികളുമായി എയ്ഡ്സ് ബോധവത്കരണ പ്രതിരോധ രംഗത്തും സന്നദ്ധ രക്തദാതാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കെ.സി. വൈ.എം കേരള സമൂഹത്തിൽ സജീവമായ സാന്നിധ്യമാകുവാൻ തയാറെടുക്കുന്നു.

**സന്തോഷ് അറയ്ക്കൽ,**
*ജനറൽ സെക്രട്ടറി* കെ.സി.വൈ.എം.
സംസ്ഥാനസമിതി





വിശ്വാസ തീക്ഷ്ണത രാഷ്ട്രസേവനം
എച്ച്ഐവി ബോധവത്കരണം
സന്നദ്ധ രക്തദാനം

# സ്നേഹദൗത്യവുമായി യുവജനസഭ



**സ**മകാലിക ലോകത്തിന്റെ ആഴത്തിലുള്ള മാനുഷികവും ആത്മീയവുമായ പ്രതിസന്ധിക്ക് നല്കാൻ കഴിയുന്ന വിശ്വസനീയവും സമഗ്രവുമായ ഒരേ ഒരു പ്രത്യുത്തരം സ്നേഹമാണ്. ക്രൈസ്തവാദർശങ്ങളിലധിഷ്ഠിതമായി യുവജനങ്ങളുടെ സമഗ്രവികസനവും അതുവഴി സമൂഹത്തിന്റെ സമ്പൂർണ വിമോചനവും ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന കേരളകത്തോലിക്കാ സഭയിലെ യൂത്ത് കമ്മീഷന്റെ കീഴിലുള്ള കെ.സി.വൈ.എം യുവജനപ്രസ്ഥാനം ഈ സ്നേഹമാണ് വിവിധ ഭാവങ്ങളിലൂടെ സമൂഹത്തിനും വ്യക്തികൾക്കും പകർന്നു നൽകുന്നത്.

സ്നേഹത്തിന്റെ സുവിശേഷം പ്രാവർത്തികമാക്കിക്കൊണ്ട് തങ്ങളുടെ പ്രത്യാശ പ്രകടിപ്പിക്കുകയും വിളിച്ചുപറയുകയും ചെയ്യുന്ന ഒരുകൂട്ടം യുവജനങ്ങളാണ് ഈ പ്രസ്ഥാനത്തിലുള്ളത്. അവർ കാണിച്ചുതരുന്നത് സ്നേഹമായ ദൈവത്തിന്റെ ശുദ്ധമായ തിരുമുഖവും അതേസമയം തന്നെ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ യഥാർഥ മുഖവുമാണ്.

കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചുകിടക്കുന്ന മൂന്നു റീത്തുകളിലും പെട്ട 29 രൂപതകളിലും പ്രവർത്തിക്കുന്ന സഭയുടെ ഔദ്യോഗിക യുവജനസംഘടനയാണ് കെ.സി.വൈ.എം. 1978 ൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിൽ അഞ്ചു ലക്ഷത്തിൽപരം യുവജനങ്ങൾ സേവനതൽപരരായി ഔദ്യോഗിക അംഗങ്ങളാണ്.

യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന് എന്ന ആഹ്വാനവുമായി മനുഷ്യമഹത്വം, മതേതരത്വം, സന്നദ്ധസേവനം എന്നീ മൂന്നു മേഖലകൾക്ക് ഊന്നൽ കൊടുത്ത് ഈ വർഷം പ്രത്യേകമായി പ്രസ്ഥാനത്തിലെ അംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ലഭ്യമായ വിഭവങ്ങളുടെ ഉത്തരവാദിത്തപൂർണമായ നടത്തിപ്പിനും സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും ഈ പ്രസ്ഥാനം ശ്രദ്ധിച്ചുവരുന്നു. സമൂഹത്തിന്റെ എല്ലാ ഘടകങ്ങളെയും സഹകരിപ്പിച്ചും തദ്ദേശീയ സംഘങ്ങളെയും വ്യക്തികളെയും അംഗീകരിച്ചും ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ അർഥവത്തായും വ്യാപകമായും ആവശ്യക്കാരിലേക്ക് കടന്നെത്തും വിധം വിന്യസിക്കാൻ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ശ്രദ്ധിച്ചുവരുന്നു.

പ്രകൃതി ദുരന്തങ്ങളും മനുഷ്യരാലുളവാകുന്ന ദുരന്തങ്ങളും ഓരോ വർഷവും ലക്ഷകണക്കിനാളുകളെ പ്രതികൂലമായി ബാധിക്കുന്നു. വ്യക്തികൾ ധാർമികതയിൽ നിന്നു വ്യതിചലിച്ച് പോയപ്പോഴെല്ലാം സമൂഹത്തിൽ അതിന്റെ അപചയം പ്രതിഫലിച്ചിട്ടുണ്ട്, ലോകത്തിന്റെ വിവിധ കോണുകളിൽ സമൂഹങ്ങൾക്ക് നാശം വിതച്ചിട്ടുണ്ട്.

ഇതിൽ അസംഖ്യം സാധാരണ പൗരന്മാരും പെടും. അതിനാൽ യുവജനസഭ ബോധവത്കരണവും സേവനതൽപരതയും ഉൾപ്പെട്ട ജീവകാരുണ്യപരമായ വിഷയത്തിലുള്ള ഇടപെടലിനെ, ഈ മേഖലയിൽ തുടർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികളിലേക്ക് വെളിച്ചം വീശുന്നതിനും സഹാനുഭാവത്തോടെയും സഹജമായ മഹത്വത്തോടെയും നയിക്കപ്പെടുന്ന ശക്തമായ നിർദേശങ്ങളിലൂടെ ഫലപ്രദവും ഉചിതവുമായ ആഗോള പ്രതികരണത്തിന്റെ ആവശ്യകത ഉയർത്തികാണിക്കുന്നതിനും അനുയോജ്യമായ അവസരമെന്ന നിലയിൽ ഉണർന്നു പ്രവർത്തിക്കുന്നു.

ഈ യുവജനപ്രസ്ഥാനം അതിന്റെ വിവിധ സംരംഭങ്ങളിലൂടെ വിഭാഗീയത കൂടാതെ ജീവകാരുണ്യപരമായ സഹായങ്ങൾ ശ്രദ്ധിക്കുകയും നല്ല പ്രവർത്തനശൈലിയും ആശയങ്ങളും സമാനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുമായി പങ്കുവയ്ക്കുവാൻ തയാറായി വരുകയും ചെയ്യുന്നു. പ്രതിസന്ധിയിലായിരിക്കുന്ന എല്ലാവരുടെയും ആവശ്യങ്ങളിൽ ജാതിഭേദമില്ലാതെ, വർഗവ്യത്യാസമില്ലാതെ ഇടപെടുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ജീവകാരുണ്യപരമായി സഹായം ലഭിക്കുന്നതിനുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും അവകാശവും സമൂഹ്യവും ശാരീരികവും ആത്മീയവുമായ സംരക്ഷണത്തിനായി തടസം കൂടാതെ രക്ഷിതാക്കളെ സമീപിക്കുന്നതിനുള്ള അവകാശവും സംരക്ഷിക്കപ്പെടുന്നതിനുള്ള ഉറപ്പായ അടിസ്ഥാനവും ആണ് ഇതിന് പ്രേരകശക്തിയായി നിലകൊള്ളുന്നത്.

ഗാന്ധിജിയുടെ വാക്കുകളിൽ ജീവിതത്തിലൂടെ ജീവനുള്ളതെല്ലാമായി ഒന്നിക്കുക എന്നത്രെ മനുഷ്യന്റെ ധർമം. മനുഷ്യന്റെ ബോധപൂർവകമായ പ്രവർത്തിയും അതാകണം. ജനങ്ങളെ സേവിക്കലാണ്, അവരെ അറിയലാണ് ഗാന്ധിജിക്ക് മോക്ഷവും ദൈവദർശനവും. ആധുനിക നാഗരികമൂല്യങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും നിർഭയത്വവും അധ്വാനവും സ്വഭാവശുദ്ധിയും ആണ് ആവശ്യമെന്ന് ഗാന്ധിജി തറപ്പിച്ചു പറഞ്ഞു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി ചേർന്നുള്ള സംരംഭത്തിലൂടെ കെ.സി.വൈ.എം ലക്ഷ്യംവയ്ക്കുന്നത് ക്രിസ്തുവിന്റെ ആഹ്വാനം തന്നെയാണ്. ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു എന്നാണ് ക്രിസ്തു പറഞ്ഞത്. രക്തദാനവിപ്ലവത്തിലൂടെ സ്നേഹവിപ്ലവം സൃഷ്ടിക്കാനാണ് നാം ഒരുങ്ങുക. സന്നദ്ധ രക്തദാനം പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിൽ പ്രോത്സാഹിപ്പിക്കുമ്പോൾ ഈ ജീവൻ നൽകൽ, ജീവൻ നിലനിറുത്തൽ പ്രക്രിയയിൽ ഓരോ വ്യക്തിയും പങ്കുകാരനാവുകയാണ്. ദശലക്ഷരക്തദാതൃദേശീയസേന രൂപീകരണത്തിന്റെ ഉദ്ഘാടനം ജൂൺ മാസത്തിൽ ചാലക്കുടിയിൽ വച്ച് നടത്തിയപ്പോഴും ഈ സ്നേഹവിപ്ലവത്തിലേക്കു യുവജനങ്ങളെ അണിചേർക്കുക എന്ന ലക്ഷ്യം മാത്രമാണ് കെ.സി.വൈ.എമ്മിനുള്ളത്.

എല്ലാറ്റിനുമുപരി ശ്രദ്ധയർഹിക്കുന്നത് വ്യക്തിയാണ്, അവന്റെ ഭൗതീകവും മാനസികവും ആത്മീയവുമായ ആവശ്യങ്ങളാണ്. ഈ ആവശ്യങ്ങളെല്ലാം ശരിയായ രീതിയിൽ കണ്ടുമുട്ടി വിതരണം ചെയ്യുമ്പോൾ ഈ ഓരോ വ്യക്തിയും രാഷ്ട്രനിർമാണത്തിൽ ഭാഗഭാക്കാകുന്നു. എയ്ഡ്സ് തുടങ്ങിയ സാംക്രമിക രോഗങ്ങളിൽ നിന്ന് വ്യക്തിയും സമൂഹവും രക്ഷനേടുന്നത് ഈ സ്നേഹദൗത്യത്തിന്റെ അനന്തരഫലമാകണം. ഈ സ്നേഹദൗത്യത്തിന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ അകമഴിഞ്ഞ സഹകരണം വളരെയധികം ഫലം ചെയ്യും. ഈ സ്നേഹദൗത്യത്തിൽ നമുക്ക് ഒന്നുചേർന്ന് കൈകോർത്ത് വിപ്ലവവീര്യത്തോടെ പ്രവർത്തിക്കാം.

**ഫാ. ജെയ്സൺ കൊള്ളന്നൂർ**
*സെക്രട്ടറി, കെ.സി.ബി.സി യൂത്ത് കമ്മീഷൻ ഡയറക്ടർ, കെ.സി.വൈ.എം*